14604
24/9/16

**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സാങ്കേതികം- എഞ്ചിനീയറിംഗ് പ്രവേശനം-2015-ഫീസ് ആനുകൂല്യം- സർക്കാർ ഉത്തരവുകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(എം.എസ്)നം: 190/2016/ഉ.വി.വ** **തീയതി, തിരുവനന്തപുരം, 19/09/2016**

പരാമർശം:

1. സർക്കാർ ഉത്തരവ് (കൈ)നം. 372/2015/ഉ.വി.വ ,തീയതി. 03/07/2015.
2. സർക്കാർ ഉത്തരവ് (കൈ)നം. 378/2015/ഉ.വി.വ ,തീയതി. 07/07/2015.
3. സർക്കാർ ഉത്തരവ് (കൈ)നം. 155/2016/ഉ.വി.വ,,തീയതി. 30/06/2016.
4. 28.03.2016-ലെ പ്രവേശന പരീക്ഷ കമ്മീഷറുടെ കാര്യാലയത്തിലെ റ്റി.എ 1/1007/16/സി.ഇ.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1), (2)സർക്കാർ ഉത്തരവുകൾ പ്രകാരമാണ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്ക് 2015 അദ്ധ്യയന വർഷത്തേയ്ക്കുള്ള അലോട്ട്മെന്റും അഡ്മിഷനും പ്രവേഷന പരീക്ഷ കമ്മീഷണർ നടത്തിയത്. പ്രസ്തുത സർക്കാർ ഉത്തരവിൽ ഫീസാനുകൂല്യത്തിന് അർഹരായവരെ Lower Income Group എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എസ്.സി/എസ്. റ്റി/ഒ.ഇ.സി വിദ്യാർത്ഥികളുടെ ഫീസ് സർക്കാർ വഹിക്കുന്ന സാഹചര്യത്തിൽ ഫീസാനുകൂല്യത്തിന് അർഹരായവരുടെ ലിസ്റ്റിൽ പ്രസ്തുത വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നത് ഉചിതമാകുകയില്ലെന്നും ആയതിനാൽ പ്രസ്തുത സർക്കാർ ഉത്തരവുകൾ പരാമർശം (3) സർക്കാർ ഉത്തരവിലെ ഇത് സംബന്ധിച്ച വ്യവസ്ഥകൾ ബാധകമാക്കുന്ന വിധത്തിൽ ഭേദഗതി ചെയ്യണമെന്നും പരാമർശം (4) പ്രകാരം പ്രവേശന പരീക്ഷ കമ്മീഷണർ അറിയിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3)സർക്കാർ ഉത്തരവിലെ 11,12 ഖണ്ഡികകളിലെ വ്യവസ്ഥകൾക്ക് വിധേയമായി 20/6/2005-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.25/2005/SCSTDD പ്രകാരം ഫീസിളവ് ലഭിക്കുന്ന എസ്.സി/എസ്.റ്റി/ ഒ.ഇ.സി/മറ്റ് വിദ്യാർത്ഥികൾ എന്നിവരെ ഫീസാനുകൂല്യത്തിനായി പരിഗണിക്കപ്പെടുന്ന താഴ്ന്ന വരുമാനമുള്ളവരുടെ ഗ്രൂപ്പിൽ (Lower Income Group) നിന്ന് ഒഴിവാക്കി ഉത്തരവാകുന്നു.

പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ആഞ്ചലോസ്.ജി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പ്രവേശന പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം
മാനേജർ, അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി ഫോർ പ്രൊഫഷണൽ കോളേജ്, ടി.സി. 15/1553-4, പ്രശാന്തി ബിൽഡിംഗ്സ്, എം.പി അപ്പൻ റോഡ്, വഴുതക്കാട്- 6955 014
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഗവൺമെന്റ് സെക്രട്ടറി, ഗതാഗതവകുപ്പ്

ഗവൺമെന്റ് സെക്രട്ടറി, പിന്നോക്ക സമുദായ വികസന വകുപ്പ്
ഗവൺമെന്റ് സെക്രട്ടറി, പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പ്
ഗവൺമെന്റ് സെക്രട്ടറി,സഹകരണ വകുപ്പ്
രജിസ്ട്രാർ, കേരളസർവ്വകലാശാല/എം.ജി സർവ്വകലാശാല/കുസാറ്റ്/കാലിക്കറ്റ് സർവ്വകലാശാല/
എ.പി.ജെ.അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
സെക്രട്ടറി, കേരള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ്
അസോസിയേഷൻ, വികാസ് നഗർ, മരട് പി.ഒ, കൊച്ചി-682 304
സെക്രട്ടറി, കേരള സെൽഫ് ഫിനാൻസിംഗ് ആർക്കിടെക്ച്ചർ കോളേജ് മനേജ്മെന്റ്
അസോസിയേഷൻ, ഡി.ജെ. കോളേജ് ഓഫ് ആർക്കിടെക്ച്ചർ, ചേലമ്പ്ര, പുള്ളിപറമ്പ പി.ഒ,
മലപ്പുറം- 673 634
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ